32 (1675) മരട് വില്ലേജിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ മരട് വില്ലേജിൽ ശുദ്ധജല ക്ഷാമംമൂലം ജനങ്ങൾ ദുരിതമനുഭവിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൺസ്യൂമർ നമ്പർ എം. 58 കണക്ഷനുള്ള വീട്ടിൽ കഴിഞ്ഞ ആറുമാസക്കാലമായി ശുദ്ധജലം ലഭിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടും ആയതി ന്മേൽ അന്വേഷണംപോലും നടത്താതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) മേൽ പരാതി ഉടനെ പരിശോധിച്ച് പരാതിക്കാരനും മറ്റും ഉടനെ തന്നെ ശുദ്ധജലം ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൺസ്യൂമർ നമ്പർ എം.58-ന്റെ പരാതിയിന്മേൽ യഥാസമയം അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ വേണ്ടത്ര ശുദ്ധജലം കിട്ടുന്നില്ല. ലോകബാങ്കിന്റെ പദ്ധതി പ്രകാരം ശുദ്ധജലം ലഭിക്കേണ്ട പ്രദേശ ങ്ങളിൽ ഒന്നാണ് മരട് വില്ലേജ്. ഈ പദ്ധതി 1993-94 കാലയളവിൽ കമ്മിഷൻ ചെയ്തുവെങ്കിലും ആലുവയിൽനിന്നും പദ്ധതി പ്രദേശങ്ങളിലേക്കുള്ള പ്രധാന ജലവിതരണക്കുഴലിന്റെ ശേഷിക്കുറവുമൂലം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള തോതിൽ ജലവിതരണം ചെയ്തുതുടങ്ങിയിട്ടില്ല. ഇപ്പോൾ മരട് വില്ലേജിൽ വിതരണം നടത്തുന്നത് ആവശ്യമായ വെള്ളത്തിന്റെ 25% മാത്രമാ ണ്. ഈ കാരണങ്ങളാൽ പദ്ധതി പ്രദേശങ്ങളിൽ പല സ്ഥലങ്ങളിലും കുടി വെള്ളം വേണ്ടത്ര അളവിൽ ലഭിക്കുന്നില്ല.

(സി) പ്രസ്തുത പരാതി തീർക്കുവാൻ സാധ്യമായതെല്ലാം ഉടൻതന്നെ ചെയ്യുന്നതാണ്.

33 (1676) കിഴുവിലം വില്ലേജിലെ കുടിവെള്ളക്ഷാമം

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേ ചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിൽ കിഴുവിലം വില്ലേജിൽ കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വഴിയോര പൈപ്പുകളിൽ നിന്നും വെള്ളം ദുരുപയോഗം ചെയ്യു ന്നതിനാൽ ഗാർഹിക കണക്ഷനിൽ കഴിഞ്ഞ ഒരു വർഷക്കാലമായി ജലം ലഭി ക്കുന്നില്ലെന്ന ശ്രീമതി ജമീലയുടെ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പരാതിക്കാരിക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly